(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മുള്ളംകുഴി ലിഫ്റ്റ് ഇറിഗേഷൻ, തൃക്കുളം ലിഫ്റ്റ് ഇറിഗേഷൻ, മണ്ണട്ടുമ്പാറ വിയർ-കം-ലോക്ക്, വെഞ്ഞാലി ലിഫ്റ്റ് ഇറിഗേഷൻ, ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ സംജാതമാകുന്ന അപകടസ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതികളുടെ ഭരണാനുമതി നൽകി എത്രയും വേഗം പണി പൂർത്തിയാക്കുവാനുള്ള അടിയന്തിര നടപടി സർക്കാർ കൈകൊള്ളുമോ ?

ഉത്തരം

(എ) കമ്മീഷൻ ചെയ്തുകഴിഞ്ഞിട്ടുള്ള ഈ പദ്ധതികളുടെ അറ്റകുറ്റപ്പണികളുടേയും സംരക്ഷണ പണികളുടേയും എസ്റ്റിമേറ്റ് കോഴിക്കോട് ചെറുകിട ജലസേചനവിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) എത്രയുംവേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആയുർവേദ ആശുപത്രിക്ക് കെട്ടിടം

35(238) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി പ്രോജക്ട് വക സ്ഥലം, ആയുർവേദാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ജലസേചനവകുപ്പിലെ എൻജിനീയർമാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകാൻ നടപടി

36(239) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിലെ എൻജിനീയർമാർക്ക് യഥാസമയം അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതെ സർവ്വീസിൽ നിന്നും വിരമിക്കേണ്ടി വരുന്ന അവസ്ഥയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലസേചനവകുപ്പിൽ നിലവിൽ സൂപ്രണ്ടിംഗ് എൻജിനീയർമാരുടെ എത്ര തസ്തികകളാണുള്ളത് ; ഇതിൽ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) സൂപ്രണ്ടിംഗ് എൻജിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാൻ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി അവസാനം കൂടിയതെന്നാണ് ; ഈ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ലെങ്കിൽ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ജലസേചനവകുപ്പിൽ വർഷംതോറും ഡി.പി.സി. കൂടാറുണ്ടോ ; 2000 വർഷത്തിൽ ഡി.പി.സി. കൂടിയത് എന്നാണ് ; ഡി.പി.സി. കൂടാൻ വൈകിയെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) ഉയർന്ന തസ്തികയിലെ പ്രൊമോഷൻ തടസ്സപ്പെട്ടിരിക്കുന്നതിനാൽ താഴോട്ടുള്ള തസ്തികയിലും പ്രൊമോഷൻ ലഭിക്കാതെ എൻജിനീയർമാർ സർവ്വീസിൽനിന്നും വിരമിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോടതിയിൽ എ.ഇ.മാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതുകാരണം അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽനിന്നുള്ള പ്രമോഷൻ നടത്തുന്നതിന് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലേക്കുള്ള പ്രമോഷന് വേണ്ടിയുള്ള സെലക്ട് ലിസ്റ്റും എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിൽനിന്നും സൂപ്രണ്ടിംഗ് എൻജിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ നടത്തുന്നതിനുള്ള സെലക്റ്റ് ലിസ്റ്റും അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 22 എണ്ണം. 14 തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(സി) 19-08-2000-ൽ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഡി.പി.സി. ലിസ്റ്റിൽ ഉള്ളവരെ പ്രൊമോഷൻ നൽകി ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ചിട്ടുണ്ട്.

(ഇ) 01-10-1998 മുതൽ വർഷംതോറും ഡി.പി.സി. കൂടാറുണ്ട്. രണ്ടായിരം വർഷത്തിലെ ഡി.പി.സി. 19-08-2000-ൽ കൂടുകയും ലിസ്റ്റ് അംഗീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) അർഹതയുള്ള എല്ലാ എൻജിനീയർമാർക്കും യഥാകാലം തന്നെ പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly